ഗ്രസ് മുന്നണിയും മാർക്സിസ്റ്റ് മുന്നണിയും—തമ്മിൽ, ഹിന്ദു സാംസ്കാരിക പുനരുത്ഥാനത്തെസ്സംബന്ധിച്ചിടത്തോളം, എന്തെങ്കിലും വ്യത്യാസമുണ്ടെന്നു സാധാരണ ആർ. എസ്. എസ്സുകാർ കരുതുന്നില്ല. മാർക്സിസ്റ്റുകാരും, ആർ. എസ്. എസ്സുകാരും തമ്മിലുള്ള അഭിപ്രായവൈരുദ്ധ്യങ്ങൾ കുടങ്ങളുടെ കത്തി കഠാരി പ്രയോഗത്തിലെത്തുമ്പോൾ, അത്തരമൊരു സ്ഥിതിവിശേഷം കോൺഗ്രസ്സ്–ആർ. എസ്. എസ്സ്. ബന്ധങ്ങളിലില്ലെന്നതു മാത്രമാണ്, സാധാരണ ആർ. എസ്. എസ്സുകാരുടെ ദൃഷ്ടിയിൽ, കേരളത്തിലെ മാർക്സിസ്റ്റ്പാർട്ടിയും ഇന്ദിരാ കോൺഗ്രസ് പാർട്ടിയും തമ്മിലുള്ള ഭേദം.

ഈ സാഹചര്യത്തിൽ, ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയുടെ പിന്നിൽ കേരളത്തിലെ ആർ. എസ്. എസ്സുകാർ തങ്ങളുടെ സ്വാധീനശക്തി കേന്ദ്രീകരിക്കുകയെന്നതു് ആസന്നഭാവിയിൽ സംഭവ്യമാണെന്നു തോന്നുന്നില്ല. സ്വന്തം സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിനു നിർത്തിയാൽ, കേരളത്തിലെ ഏതെങ്കിലും നിയമസഭാ നിയോജകമണ്ഡലത്തിൽ അവർക്കു വിജയസാദ്ധ്യതയുമില്ല. പഞ്ചായത്ത്–മുനിസിപ്പാലിററി തെരഞ്ഞെടുപ്പുകളിൽ ചിലേടത്തൊക്കെ ആർ. എസ്. എസ്സുകാർക്കു ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞെന്നുവരും. പക്ഷേ, രാഷ്ട്രീയ—അധികാരത്തിൽ പങ്കു നേടുകയെന്ന ലക്ഷ്യത്തെസ്സംബന്ധിച്ചിടത്തോളം പ്രാദേശിക സ്വയംഭരണമേഖലയ്ക്കു വലിയ പ്രാധാന്യമൊന്നും ഇപ്പോൾ ഇല്ല.

അതിനാൽ, രാഷ്ട്രീയമായ ഏതെങ്കിലും നയവ്യതിയാനത്തിനു മുതിരാതെ, സംഘടനയുടെ ചട്ടക്കൂട് ഉറപ്പിക്കുന്നതിലും, വിശ്വഹിന്ദുപരിഷത്ത്, വിദ്യാർത്ഥിപരിഷത്ത് മുതലായ ബഹുജനസംഘടനകളിലൂടെ ഹിന്ദുസംസ്കാരം പ്രചരിപ്പിക്കുന്നതിലും ഒതുങ്ങിനില്ക്കും കേരളത്തിലെ ആർ. എസ്. എസ്. പ്രവർത്തനം എന്നു കരുതാനാണു ന്യായം. ഈ സ്ഥിതിക്ക് അടുത്തൊന്നും വ്യത്യാസമുണ്ടാവുമെന്നു തോന്നുന്നില്ല.

(വിവരങ്ങൾ അധികവും 1987 നവംബർ 8–ൽ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽനിന്നു സംഗ്രഹിച്ചതു്.)

(22 നവംബർ, 1987)

# 41. ഝാർഖണ്ഡ്

ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ, വർഗ–ന്യൂനപക്ഷങ്ങൾ, ഹരിജനങ്ങൾ, ആദിവാസികൾ മുതലായ 'മർദ്ദിത'വിഭാഗങ്ങളെ ഒരൊററ സംഘടനയ്ക്കു കീഴിൽ കൊണ്ടുവന്നു്, ഇന്ദിരാകോൺഗ്രസ്സിനെതിരായ ഒരു ശക്തിയായി വളർത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമ്മേളനം സി. പി. ഐ. (എം. എൽ.) താൽക്കാലിക കേന്ദ്രകമ്മററിയുടെ ആഭിമുഖ്യത്തിൽ 1987 നവംബർ അവസാനവാരത്തിൽ പാട്നയിൽ ചേരുകയുണ്ടായി. അകാൽതഖ്ത് മുഖ്യപുരോഹിതസ്ഥാനം രാജിവെച്ച ശ്രീ ദർശൻസിംഹ് രാഗി, പശ്ചിമബംഗാൾ മാർക്സിസ്റ്റ് പാർട്ടിയിലെ മി. ഭാസ്കർ നന്ദി, സി. പി. ഐ. (എം. എൽ.) നേതാവായ ശ്രീ സന്തോഷ റാണ, അഖിലേന്ത്യാ സിഖ് വിദ്യാർത്ഥിഫെഡറേഷൻെറയും ഗുജറാത്തിലെ വിദ്യാർത്ഥിസംഘടനകളുടെയും പ്രതിനിധികൾ മുതലായവർ ഉൾപ്പെട്ട ഒരു സ്റ്റീയറിങ് കമ്മററിയാണ് ഈ സമ്മേളനം നയിച്ചിരുന്നതു് എന്നു കാണുന്നു. ഗോർഖ നാഷണൽ ലിബറേഷൻ ഫ്രണ്ട്,

അഖില അസം വിദ്യാർത്ഥി യൂണിയൻ മുതലായ സംഘടനകളെ ഈ പ്രസ്ഥാനവുമായി സഹകരിപ്പിക്കാൻ ശ്രമമുണ്ട്. ജനതപാർട്ടിയിലെ മി. സൈയദ് ഷഹാബുദ്ദീൻ, ദളിത്സേനയിലെ ശ്രീ രാംബിലാസ് പാസ്വാൻ, യുണൈറ്റഡ് അകാലിദളിലെ ശ്രീ ഉജാഗർസിംഹ്, ഝാർഖണ്ഡ് പ്രസ്ഥാന നേതാവായ ശ്രീ ബി. പി. കേസരി എന്നിവർ സമ്മേളനത്തിൽ പ്രമുഖമായ പങ്കുവഹിച്ചു. സമ്മേളനത്തിൽ സന്നിഹിതരായ നൂററമ്പതു പ്രതിനിധികളിൽ അധികംപേരും മുസ്ലിങ്ങളോ, ക്രിസ്ത്യാനികളോ ആയിരുന്നു എന്ന് സമ്മേളനത്തിന്റെ ആസൂത്രകർ അവകാശപ്പെടുന്നുണ്ട്. സമ്മേളനം ശ്രദ്ധ കേന്ദ്രീകരിച്ച വിഷയങ്ങളിലൊന്ന് ഝാർഖണ്ഡ് സംസ്ഥാനത്തിന്റെ രൂപവൽക്കരണമായിരുന്നു.

ഝർ(ഝാഡ്) എന്ന വാക്കിനു 'കാററിക്കാട്' എന്നാണ് അർത്ഥം. മദ്ധ്യപ്രദേശിലെ സർഗുജാ, റായ്ഗഢ്; ഒറീസ്സയിലെ മയൂർഭഞ്ജ്, കേവൻഝാർ; ബീഹാറിലെ പാകർ, ദുംക, ദേവ്ഘർ, രാജ്മഹൽ, ഗോഡ്ഡ, റാഞ്ചി, ഗുംല, ഗിരിഡീഹ്, പലാമൗ, ധൻബാദ്, സിംഹഭൂം; പടിഞ്ഞാറേ ബംഗാളിലെ പുരുളിയ, മിഡ്നാപൂർ, ബാങ്കുറ, ബീർഭൂം എന്നീ ജില്ലകൾ ചേർത്തു് 'ഝാർഖണ്ഡ്' എന്ന പേരിൽ പുതിയ ഒരു സ്റ്റേററ് രൂപവൽക്കരിക്കണമെന്ന വാദത്തിനു് അരനൂററാണ്ടിലേറെ പഴക്കമുണ്ട്. വ്യത്യസ്ത ഭാഷകൾ സംസാരിക്കുകയും, വ്യത്യസ്ത സംസ്കാരങ്ങൾ പുലർത്തുകയുംചെയ്യുന്ന പട്ടികവർഗക്കാർ, പട്ടികജാതിക്കാർ, പട്ടികയിൽ പേരു ചേർക്കാത്ത പിന്നോക്കവർഗക്കാർ മുതലായവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ് ഈ സ്റ്റേററിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. 'ആദിവാസികളുടെ സ്റ്റേററ്' എന്ന സങ്കല്പമാണു് ഝാർഖണ്ഡ് വാദത്തിന്റെ പ്രേരകശക്തി. പ്രക്ഷോഭകർ ആവശ്യപ്പെടുംപോലെ ഒരു ഝാർഖണ്ഡ് സംസ്ഥാനം രൂപവൽക്കരിക്കപ്പെടുമെങ്കിൽ, അതിനു് ഇപ്പോഴത്തെ ബീഹാർ സംസ്ഥാനത്തേക്കാൾ കൂടുതൽ വലിപ്പം ഉണ്ടാവും. ഏതാണ്ട് രണ്ടു ലക്ഷം ചതുരശ്ര കിലോമീററർ വിസ്താരമുള്ള ആ സംസ്ഥാനത്തിൽ നാലു കോടിയോളം ജനങ്ങൾ ഉണ്ടായിരിക്കും. ഇവരിൽ മുപ്പത്തേഴ ശതമാനത്തോളം സാന്താളുകൾ, മുണ്ഡകൾ, ഒറാവോൺമാർ, ഹോകൾ, ഖാരിയകൾ, നാഗ്പുരികൾ മുതലായ ഗോത്രവർഗക്കാരായിരിക്കും. ഇവർക്കു പുറമെ, കർമികൾ, മഹ്തോകൾ, രന്തിയകൾ മുതലായി 'പട്ടികയിൽ പെടാത്ത' വർഗക്കാരെക്കൂടി കണക്കിലെടുത്താൽ, ഝാർഖണ്ഡ് സംസ്ഥാനത്തിലെ ജനസംഖ്യയുടെ എഴുപത്തിനാലു് ശതമാനത്തോളം 'പിന്നോക്കക്കാർ' ആയിരിക്കും.

ഈ ഗോത്രവർഗങ്ങളിൽ മിക്കതിനും പരസ്പരം വ്യത്യസ്തങ്ങളായ ഭാഷകളും സംസ്കാരങ്ങളുമാണുള്ളതു്. ഇവരുടെ ഭാഷകളിൽ കുറുഖ്, മാൽത്തോ മുതലായ ചിലതു് ദ്രാവിഡഗോത്രത്തിൽ ചേർന്നവയാണു്. മററു ചിലതിനു് ആര്യഗോത്രത്തോടാണു് കൂടുതൽ ബന്ധം. ചിലതു് ആസ്ട്രിക് ഗോത്രത്തിൽപ്പെടുന്നു. ശതാബ്ദങ്ങളായി ഇന്ത്യയിൽ ജീവിച്ചിട്ടും, ഈ ഗോത്രവർഗങ്ങൾ പൂർണമായും സംസ്കൃതവൽക്കരിക്കപ്പെട്ടിട്ടില്ല. ഹിന്ദുമതാചാരങ്ങളുടെ നേരിയ ഒരാവരണത്തിനുള്ളിൽ തനതായ പ്രാചീന വിശ്വാസങ്ങളും ആചാരങ്ങളും ഇവർ പുലർത്തുന്നു. ഹിന്ദുപുരാണ—ഇതിഹാസങ്ങളിൽനിന്നു വ്യത്യസ്തമായി, അലിഖിതമായ ഒരു പുരാണ—ഇതിഹാസസമ്പത്തും ഈ ഗോത്രങ്ങളിൽ പലതിനുമുണ്ട്. കുറെ വർഷങ്ങളായി ക്രൈസ്തവമിഷണറിമാരുടെ സ്വാധീനം ഇവർക്കിടയിൽ ശക്തിപ്രാപിച്ചിട്ടുണ്ട്. ഒറാവോൺപോലെ ചില വർഗങ്ങൾ ഏതാണ്ട് പൂർണമായും ക്രിസ്ത്യാനികളായിക്കഴിഞ്ഞിരിക്കുന്നു.

ധനിജവിഭവങ്ങളുടെ കാര്യത്തിൽ അതിസമ്പന്നമാണ് ഝാർഖണ്ഡ് പ്രദേശം. ഇന്ത്യയിലെ കല്ക്കരി–ഇരുമ്പയിര് സമ്പത്തിൽ എഴുപത്തഞ്ചു ശതമാനവും ഈ പ്രദേശത്താണ്. ഇതിനു പുറമേ ചെമ്പ്, മാംഗനീസ്, ഡോളോമൈററ് മുതലായ മററു ധനിജങ്ങളും ഇവിടെ സുലഭമാണ്. തീവ്രമായ വ്യവസായവൽക്കരണത്തിനു വിധേയമായിട്ടുണ്ട് ഈ പ്രദേശം. പക്ഷേ, അതുകൊണ്ടു മെച്ചമുണ്ടായിട്ടുള്ളത് മററു സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്നു പാർക്കുന്നവർക്കാണ്. ഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യമായ പിൻനില അവരുടെ സാമ്പത്തിക പുരോഗതിയെ കാര്യമായി തടസ്സപ്പെടുത്തിയിട്ടുണ്ട്. ഗോത്രവർഗക്കാരുടെ ഭൂമി അന്യാധീനപ്പെടുത്തുകയും, അവർക്ക് ഉപജീവനം നൽകിപ്പോന്ന വനങ്ങൾ നശിപ്പിക്കുകയുംചെയ്യുകവഴി, അവരെ കൂടുതൽ ദരിദ്രരും പിൻതള്ളപ്പെട്ടവരുമാക്കിയിരിക്കുന്നു ഈ പ്രദേശത്തിലെ വ്യവസായവൽക്കരണം.

തങ്ങളുടെ ദുഃസ്ഥിതിയെപ്പററി ഗോത്രവർഗക്കാരെ ഉദ്ബുദ്ധരാക്കുന്നതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചതു് ക്രൈസ്തവ മിഷണറിമാരായിരുന്നു. 1935–ലെ ഗവണ്മെൻറ് ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് 1937–ൽ നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ഈ പ്രദേശത്ത് വമ്പിച്ച വിജയം കൈവന്നപ്പോൾ, വിദ്യാഭ്യാസം നേടിയ ഗോത്രവർഗക്കാരിൽ കോൺഗ്രസ്സിനെതിരായിരുന്നവർ 'ആദിവാസി മഹാസഭ' എന്ന പേരിൽ സംഘടിച്ചു. മുസ്ലിംലീഗിൻെറ വർഗീയവാദം ഇവർക്ക് ഉത്തേജനം നൽകി. ഇന്ത്യൻ ഹോക്കിടീമിൻെറ മുൻക്യാപ്ററൻ ആയ ശ്രീ ജയപാൽസിംഹ് ആയിരുന്നു ഇവരുടെ നേതാവ്. ആദിവാസികൾക്ക് ഒരു പ്രത്യേക സംസ്ഥാനം രൂപവൽക്കരിക്കണമെന്ന് മഹാസഭ വാദിച്ചു. ക്വിററിന്ത്യാ സമരകാലത്ത് ബ്രിട്ടീഷ് ഗവണ്മെൻറിനോടു ചേർന്നുനിന്ന മഹാസഭ, ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോഴേക്ക് ജനസ്വാധീനം നഷ്ടപ്പെട്ട് ഒരു നാമമാത്രസംഘടനയായിക്കഴിഞ്ഞിരുന്നു.

പക്ഷേ, 'ഝാർഖണ്ഡ് പാർട്ടി' എന്ന പേരിൽ ആദിവാസി മഹാസഭ പുനർജനിച്ചു. ബീഹാറിലെ ആഭ്യന്തര രാഷ്ട്രീയത്തിൽ ഗണ്യമായ സ്വാധീനം നേടാൻ അതിനു കഴിയുകയുംചെയ്തു. ശ്രീ ജയ്പാൽസിംഹ് തന്നെ ആയിരുന്നു ഈ പാർട്ടിയുടെയും നേതാവ്. ക്രമത്തിൽ ഝാർഖണ്ഡ്പാർട്ടി കോൺഗ്രസ്സിൽ ലയിച്ചു. ഈ ലയനത്തിന് എതിരായിരുന്ന ശ്രീ ഷിബുസോറൻ, മാർക്സിസ്റ്റ് തൊഴിലാളി നേതാവായ എ. കെ. റോയ് എന്നിവർ ചേർന്ന് 1973–ൽ 'ഝാർഖണ്ഡ് മുക്തിമോർച്ച' എന്ന ഒരു സംഘടന രൂപവൽക്കരിച്ചു. എങ്കിലും, വിഭിന്ന ഗോത്രവർഗങ്ങൾക്കിടയിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾകൊണ്ടും മററും 'മുക്തിമോർച്ച'യും വളരെയൊന്നും ശക്തി പ്രാപിച്ചില്ല. 1980–ൽ ശ്രീ സോറൻ കോൺഗ്രസ്സുമായി ഒരു തിരഞ്ഞെടുപ്പ് സംഖ്യമുണ്ടാക്കിയപ്പോൾ, അതിനെതിരായി ഝാർഖണ്ഡ് ക്രാന്തിദൾ, ഇന്ത്യൻ പീപ്പിൾസ് ഫ്രണ്ട് മുതലായ സംഘടനകൾ രംഗത്തുവന്നു.

റാഞ്ചി സർവകലാശാലയിൽ ഗോത്രവർഗ–പ്രാദേശിക ഭാഷകളുടെ വകുപ്പിൻെറ തലവനായിരുന്ന ഡോക്ടർ രാംദയാൽ മുണ്ഡ (കഴിഞ്ഞ ആണ്ടിൽ ഇദ്ദേഹം ആ സർവകലാശാല വൈസ് ചാൻസലർ ആയി) ഝാർഖണ്ഡിലെ ഗോത്രവർഗക്കാരുടെ പുനർജാഗരണത്തിൽ ഗണ്യമായ പങ്കുവഹിച്ചു. ഗോത്രവർഗക്കാർക്ക് തങ്ങളുടെ പഴയ സംസ്കാരത്തിൽ അഭിമാനവും, അതിൻെറ സംരക്ഷണത്തിൽ താല്പര്യവും ജനിപ്പിച്ചതു് ഡോക്ടർ മുണ്ഡയുടെ ശിഷ്യരാണെന്നു പറയാം. പ്രകൃതിസംരക്ഷണത്തിനുവേണ്ടിയും വനവിധ്വംസനത്തിനെതിരായുമുള്ള പ്രക്ഷോഭ

ണങ്ങളോടൊപ്പം, ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക–സാമൂഹ്യ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രസ്ഥാനങ്ങളിലും ഇവർ സക്രിയമായ പങ്കുവഹിച്ചു. ഝാർഖണ്ഡ് മുക്തിമോർച്ചയുമായി ബന്ധപ്പെട്ട 'അഖില ഝാർഖണ്ഡ് വിദ്യാർത്ഥി യൂണിയൻ' (എ. ജെ. എസ്. യു.) 1986-ൽ രൂപവൽക്കരിക്കപ്പെട്ടു. സൂര്യസിംഹ് ബേസ്റ എന്ന യുവാവായ നേതാവിന്റെ കീഴിൽ ഈ വിദ്യാർത്ഥി സംഘടന വിപുലമായ ഒരു ജനജാഗരണപ്രസ്ഥാനം ഗോത്രവർഗക്കാർക്കിടയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഝാർഖണ്ഡ് പ്രദേശത്തിലെ പത്തൊമ്പതു ജില്ലകളിൽ ഗ്രാമതലത്തിലുള്ള സംഘടനകൾ ഇവർ ഇതിനകം കെട്ടിപ്പടുത്തിട്ടുണ്ട്.

ഇന്ത്യൻ യൂണിയനു് അകത്തു് ഝാർഖണ്ഡ് എന്ന ഒരു സംസ്ഥാനം രൂപവൽക്കരിക്കണമെന്നാവശ്യപ്പെടുന്ന ഒരു നിവേദനം ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കു് അഖിലഝാർഖണ്ഡ് വിദ്യാർത്ഥിസംഘടന നൽകിയിട്ടുണ്ട്. ഈ വർഷം (1987)അവസാനിക്കുംമുമ്പ് ഇതിനുവേണ്ട നടപടികൾ കേന്ദ്രഗവണ്മെൻറ് കൈക്കൊള്ളാത്തപക്ഷം, ഝാർഖണ്ഡ് പ്രദേശത്തിലെ റോഡ്–റയിൽവേ–ഗതാഗതം തികച്ചും തടയുന്ന ഒരു അഹിംസാത്മകപ്രസ്ഥാനം ആരംഭിക്കുന്നതാണെന്നു് ഈ നിവേദനത്തിൽ ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്. അസമിലെ വിദ്യാർത്ഥികൾ വിജയകരമായി നടപ്പിൽ വരുത്തിയ പ്രക്ഷോഭണമാർഗങ്ങൾ ഝാർഖണ്ഡ് വിദ്യാർത്ഥിസംഘടനയും പ്രയോഗിച്ചു നോക്കിക്കൂടെന്നില്ല.

സ്ഫോടനശക്തിയുള്ള ഒരു പ്രക്ഷോഭണോപാധിയാണ് ഭാഷ. പക്ഷേ, ഭാഷയേക്കാൾ സ്ഫോടനസാദ്ധ്യത എത്രയോ കൂടുതലുള്ള പ്രക്ഷോഭണോപാധികളാണ് മതം, വർഗം എന്നിവ. വർഗത്തിന്റെയും മതത്തിന്റെയും അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ഒരു വിഘടനപ്രസ്ഥാനം ഝാർഖണ്ഡ് പ്രദേശത്തു ശക്തിപ്രാപിക്കുന്നപക്ഷം, ഇന്ദിരാകോൺഗ്രസ്സിനും രാജീവ്ഗാന്ധിയുടെ ഗവണ്മെൻറിനും എതിരായ പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും പിന്തുണ അതിനു കൈവരുമെന്നാണ് ഇന്നത്തെ നിലയിൽ, കരുതേണ്ടതു്. ഒരുവശത്തു് ഖാലിസ്ഥാൻ പ്രക്ഷോഭകരോടും മറുവശത്തു് ഗോർഖാലാൻഡ് പ്രക്ഷോഭകരോടും ദൃഢങ്ങളായ ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ, ഝാർഖണ്ഡ് പ്രക്ഷോഭം ആശങ്കാകരമാംവണ്ണം വളർന്നുവന്നുകൂടായ്കയില്ല. ഏതായാലും, 1988–ാമാണ്ടിൽ ഝാർഖണ്ഡ് പ്രക്ഷോഭണം ഇന്ത്യയിലെ പത്രങ്ങളിൽ ഒരു സ്ഥിരം വാർത്തയും കേന്ദ്രഗവണ്മെൻറിനു് ഒരു സ്ഥിരം തലവേദനയുമായിരിക്കുമെന്നാണു കരുതേണ്ടതു്.

(1 ഡിസംബർ, 1987)

# 42. തൃഷ്ണ

1987 ജനുവരി 26–ാം തീയതി ദില്ലിയിൽ നടന്ന റിപ്പബ്ലിക്ദിനപരേഡിൽ കാണികളുടെ ശ്രദ്ധ വളരെയധികം ആകർഷിച്ച ഫ്ളോട്ടുകളിലൊന്നു് 'തൃഷ്ണ' എന്ന പായ്ക്കപ്പലിന്റെ മാതൃകയായിരുന്നു. (കൊല്ലത്തു് ഇരുന്നു് ടെലിവിഷനിൽ ഞാൻ അതു കണ്ടു.) മുപ്പത്തേഴ് അടി നീളത്തിൽ ഫൈബർഗ്ലാസ്കൊണ്ടു് നിർമിച്ച 'തൃഷ്ണ' 1985 സെപ്റ്റംബർ 28–ാം തീയതി ബോംബെയിൽനിന്നു് യാത്ര പുറപ്പെട്ടു്, ആഫ്രിക്ക ചുററി, അററ്ലാൻറിക്സമുദ്രം കടന്നു്, പനാമ തോട്ടിലൂടെ